
• വാർത്തയും വീക്ഷണവും •

കേരളത്തിന് 'ഇമേജ്' നൽകുന്നത്

പെരുകുന്ന മാലിന്യം: പൊരുതുന്ന കേരളം 3

ജോസഫ് ആന്റണി

# കേരളത്തിന് 'ഇമേജ്' നല്കുന്നത് മാതൃഭൂമിയോ?

**ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ മലമ്പുഴയിലെ മാലിന്യ സംസ്കരണ പ്ലാന്റായ 'ഇമേജി'നെക്കുറിച്ചുള്ള ശരിയായ വസ്തുതകൾ**

ഡോ. പി.എസ്. പണിക്കർ

"ഐ.എം.എ. കേരള ഘടകത്തിന്റെ അഭിമാന പദ്ധതയാണ് ഇത്." - എന്ന് പറഞ്ഞുകൊണ്ട് ഇമേജിന് പരസ്യം നല്കുന്ന രീതയിൽ ഏകപക്ഷീയമായാണ് ജോസഫ് ആന്റണി 2008 ജൂൺ നാലാം തിയ്യതിയിലെ 'മാതൃഭൂമി'യിൽ കാര്യങ്ങൾ വിവരിച്ചിരുന്നത്. ഐ.എം.എ. ഭാഷ്യം മാത്രമാണ് അദ്ദേഹം നല്കിയിട്ടുള്ളത്. തുടർന്ന് ഐ.എം.എ.യെ ഈ പ്രവർത്തനങ്ങളിൽ ശ്ലാഘിച്ചുകൊണ്ട് മെയ് 6 ന് മാതൃഭൂമിയിൽ മുഖലേഖനവും വന്നു. ഇത് പത്രത്തിന്റെ പാരമ്പര്യത്തിനും നിഷ്പക്ഷതയ്ക്കും നിരക്കുന്നതല്ല. ശരിയ്ക്കും വസ്തുതകൾ താഴെ പറയുംവിധമാണ്.

ഐ.എം.എ. കോട്ടയത്തും കണ്ണൂരുമൊക്കെ ഇതുപോലെ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കാൻ പ്ലാന്റുകൾ തുടങ്ങാൻ ശ്രമിച്ചെങ്കിലും അവരെ ജനങ്ങൾ തല്ലിയോടിച്ചു. ഇത് വാളയാർ വനത്തിൽ, മാന്തുരുത്തി വനമേഖലയിൽ 2003 ഡിസംബർ മുതൽ പ്രവർത്തിക്കുന്നു. ഇതു തുടങ്ങുന്നതിനുമുമ്പ് പാരിസ്ഥിതിക ആഘാത പഠനമൊന്നും നടത്തിയിട്ടില്ല. ഇവിടെ 2 ഏക്കറോളം വനഭൂമി ഇവർ കയ്യേറിയതായി പരാതിയുണ്ട്. പാലക്കാടൻ ചുരത്തിൽ അയ്യപ്പൻ കുന്നിന്റെ ചെരുവിലാണ് ഇത് സ്ഥാപിച്ചിട്ടുള്ളത്. കാറ്റ് ഇതിന്റെ പുക മലമ്പുഴ ജലാശയത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കുന്നുണ്ട്. ഇവിടം മലമ്പുഴ ജലാശയത്തിന്റെയും കോരയാറിന്റെയും വൃഷ്ടി പ്രദേശമാണ്. ഇവിടെനിന്നും മലമ്പുഴ ജലാശയത്തിലേക്ക് കേവലം 500 മീറ്റർ വായു ദൈർഘ്യമേയുള്ളൂ. മലമ്പുഴ ജലാശയം കൂടാതെ പൊന്നാനി വരെയുള്ള ഭാരതപ്പുഴയുടെ മലിനീകരണത്തിനും ഈ ഫാക്ടറി കാരണമാകുന്നുണ്ട്. ഐ.എം.എ. യുടെ പേരിലാണ് ഈ ഫാക്ടറിയ്ക്ക് ലൈസൻസെങ്കിലും ഇത് നടത്തുന്നത് ചെന്നൈയിലെ ജി.ടി. മൾട്ടിക്ലേവ് എന്ന പേരിലുള്ള ഒരു സ്വകാര്യ ഇൻസിനറേറ്റർ കമ്പനിയാണ്. ഐ.എം.എ.യുമായി ബന്ധമുള്ള ആരും ഇവിടെ മോണിറ്ററിങ്ങിനില്ല. തൊഴിലാളികൾ കയ്യുറകളും ബൂട്ടും മുഖാവരണവും തൊപ്പിയുമൊന്നും ധരിച്ചല്ല പ്രവർത്തിക്കുന്നത്. മൂന്ന് ടൺ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കാനുള്ള അനുവാദമേ ഉള്ളൂവെങ്കിലും 20 ടണ്ണിലേറെ മാലിന്യങ്ങൾ ഇവിടെ പ്രതിദിനം സംസ്കരിക്കുന്നതായി ലോഗ് പുസ്തകം വ്യക്തമാക്കുന്നു. ആശുപത്രി മാലിന്യങ്ങൾ ഇൻസിനറേറ്ററിൽ കത്തിച്ച് അതിന്റെ ചാരം കുഴിച്ചിടുകയാണ് ഇവിടെ ചെയ്യുന്നത്. ഇത് ആധുനിക പരിഷ്കൃത രാജ്യങ്ങളിൽ തിരസ്കരിച്ചിട്ടുള്ള സാങ്കേതിക വിദ്യയാണ്. 2002 ലെ സ്റ്റോക്ക്ഹോം കോൺഫറൻസിൽ ഇൻസിനറേറ്ററിന്റെ ഉപയോഗം ഉപേക്ഷിക്കണമെന്ന തീരുമാനമുണ്ട്. ഇന്ത്യ ഈ കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. മാത്രമല്ല ഇതൊരു ലോക ബാങ്ക് പദ്ധതിയാണ് എന്നതുകൊണ്ടും എതിർക്കപ്പെടേണ്ടതുണ്ട്. ഇൻസിനറേറ്ററിൽ നിന്നുവരുന്ന ചാരം മൂന്ന് വർഷത്തിനു

ള്ളിൽ ഭൂഗർഭ ജലത്തിനുള്ളിൽ ലയിച്ച് ഡയോക്സിനും ഫുറാനും രസം, കറുത്തീയം, കാഡ്മിയം പോലുള്ള ഘനലോഹങ്ങളും ആവിർഭവിക്കുമെന്നും ഇത് അനന്തമായി മണ്ണിലും വെള്ളത്തിലും കിടക്കുമെന്നും ശാസ്ത്രീയ റിപ്പോർട്ടുകളുണ്ട്.

ഇതിന്റെ പുകയിലും ഡയോക്സിനും മറ്റുമുണ്ട്. മാനവരാശിക്ക് ഇന്നറിയാവുന്നതിൽവെച്ച് ഏറ്റവും മാരകമായ വിഷവസ്തുവാണ് ഡയോക്സിൻ. ഇത് കാൻസർ, വൃക്കരോഗങ്ങൾ, ആമാശയരോഗങ്ങൾ, വന്ധ്യത മുതലായവയ്ക്ക് കാരണമാകുമെന്ന് മെഡിക്കൽ റിപ്പോർട്ടുണ്ട്. 'ഇമേജ്' സ്ഥിതിചെയ്യുന്നത് അയ്യപ്പൻകുന്നിലെ ചെരുവിലായതുകൊണ്ട് ജലപാളി (വാട്ടർ ടേബിൾ) യുടെ ചെരിവ് മലമ്പുഴയിലേക്കാണ്. ഇതെല്ലാം മലമ്പുഴ ജലാശയത്തേയും കോരയാറിനേയും മലിനീകരിക്കും. പാലക്കാട് നഗരത്തിലേയും സമീപത്തുള്ള എട്ട് പഞ്ചായത്തുകളേയും 20 ലക്ഷം ജനങ്ങളെ ബാധിക്കുന്ന അതീവ ഗുരുതരമായ ഒരു ജീവൽപ്രശ്നമാണ് ഇത്.

ഇതിന് ബദലായി ചിലവുകുറഞ്ഞതും ആധുനികവുമായ സാങ്കേതികവിദ്യ ഇന്ന് ലഭ്യമാണ്. മൊത്തം ആശുപത്രി മാലിന്യങ്ങളിൽ പാത്തോജനിക്ക് മാലിന്യങ്ങൾ കേവലം 5 ശതമാനം മാത്രമേ വരൂ. ഇത് റോഡ് വഴി കിലോമീറ്ററുകൾ അകലെയുള്ള മലമ്പുഴയിൽ കൊണ്ടുവന്ന് സംസ്കരിക്കുകയാണ് വേണ്ടത്. യന്ത്രങ്ങൾ ഉപയോഗിച്ച് തരംതിരിക്കൽ, രാസവസ്തുക്കൾ ഉപയോഗിച്ച് നിർവ്വീര്യമാക്കൽ, രക്തത്തിലെ പ്ലാസ്മ വേർതിരിച്ച് സംസ്കരിക്കൽ, താപം ഉപയോഗിച്ച് നിർജീവമാക്കൽ, വൈദ്യുതി ഉപയോഗിച്ച് നിർവീര്യമാക്കൽ, ഓട്ടോ ക്ലേവ്, മൈക്രോവേവ് എന്നിവയുപയോഗിച്ച് അണുനാശനം തുടങ്ങിയവയാണ് നൂതനവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ. കൊച്ചിയിലെ ഏതാനും ആശുപത്രികൾ ഈ രീതി സ്വീകരിച്ചുവരുന്നു. ചെലവുകുറഞ്ഞതും ആധുനികവുമായ ഇത്തരം സാങ്കേതികവിദ്യകൾ നിലവിലിരിക്കെ ഇപ്പോഴും മലിനീകരണ നിയന്ത്രണ ബോർഡ് മാലിന്യനിർമ്മാർജ്ജനത്തിന്റെ മറവിൽ ആശുപത്രികൾക്ക് അടച്ചുപൂട്ടൽ നോട്ടീസ് നല്കുകയും ഇമേജിൽ കൊണ്ടുപോയി സംസ്കരിക്കുവാൻ പ്രേരിപ്പിക്കുന്നതായും പരക്കെ പരാതിയുണ്ട്.

*ജനജാഗ്രത, തൊറപ്പാളയം, പാലക്കാട്-1*


**ഭൂമിയുടെ അവകാശികൾ**
ചെങ്ങറ സമരത്തെക്കുറിച്ച്
ഡോക്യുമെന്ററി, 28 മിനിറ്റ്
സംവിധാനം : ഷിബി പീറ്റർ
ബന്ധങ്ങൾക്ക് : 9745848458

**പുസ്തകം പ്രസിദ്ധീകരിച്ചു**

**നടന്നുപോയവൾ**
ഷീബ അമീർ
കറന്റ് ബുക്സ്, തൃശൂർ. വില : 40 രൂപ

**ശിവകാമി**
റഫീഖ് അഹമ്മദ്
സൈൻ ബുക്സ്, തിരുവനന്തപുരം
വില : 50 രൂപ

DEMOCRACY BY THE PEOPLE
**The Exclusive Kerala Experience**
M.P. Parameswaran
price : 495.00
Published by alternatives asia

**ജീവിത പങ്കാളിയെതേടുന്നു**

മാധ്യമ പ്രവർത്തകൻ, അവധിയിലുള്ള സർക്കാർ ഉദ്യോഗസ്ഥൻ, ആർ.സി., 5'5", 40 വയസ്സ്. വിവാഹ ആലോചനകൾ ക്ഷണിയ്ക്കുന്നു. ലളിതജീവിതവും സാമൂഹ്യബന്ധങ്ങളും ഇഷ്ടപ്പെടുന്ന സ്നേഹമയിയായ പങ്കാളിയെയാണ് പ്രതീക്ഷിയ്ക്കുന്നത്. കൂടുതൽ അറിയാൻ വിളിയ്ക്കുക, 9745699783, 9995196505, അല്ലെങ്കിൽ എഴുതുക. ബോക്സ് നമ്പർ 4, C/o. കേരളീയം, കൊക്കാല, തൃശൂർ-21.


**അറിയിപ്പ്**

വരിസംഖ്യ പുതുക്കി (240 രൂപ) എല്ലാ വായനക്കാരും കേരളീയത്തോട് സഹകരിക്കണമെന്ന് അപേക്ഷ.

**ഒറ്റനോട്ടത്തിൽ**

# കുത്തക കമ്പനികളുടെ നികുതിവെട്ടിപ്പ് പുറത്തായി

നികുതി വെട്ടിപ്പിന് കൊക്കകോളയടക്കം ഏഴ് ഇന്റർനാഷണൽ കമ്പനികൾക്ക് സർക്കാർ നോട്ടീസ് നൽകി. കൊക്കകോള, ലുഫ്താൻസ തുടങ്ങിയ കമ്പനികൾ നടത്തിയ 77 കോടി രൂപയുടെ ടാക്സ് വെട്ടിപ്പാണ് സർക്കാർ കണ്ടെത്തിയത്. കൊക്കകോള ഉൾപ്പെടെയുള്ള ശീതളപാനീയ കമ്പനികൾക്ക് 15 കോടി രൂപയാണ് പിഴ. ഇറാൻ ഇൻഫ്രാ തുടങ്ങിയ കൺസ്ട്രക്ഷൻ കമ്പനികൾക്ക് 35 കോടി രൂപയും പിഴ ഈടക്കികൊണ്ടാണ് സർക്കാർ ഉത്തരവിറക്കിയത്. കമ്പനിക്ക് നൽകിയിട്ടുള്ള കോൺട്രാക്റ്റിന് പുറത്ത് തുക ചെലവഴിക്കുകയും അതിനുള്ള നികുതി അടക്കാത്തതിനുമായി 8.55 കോടി രൂപയുടെ നോട്ടീസ് ആണ് കോക്കകോളക്ക് മാത്രമായി നൽകിയിരിക്കുന്നത്. ഇതുപോലെ ജർമ്മൻ ലുഫ്താൻസ കമ്പനിക്ക് 6.16 കോടി രൂപയുടെ നോട്ടീസും സർക്കാർ നൽകി. നികുതി വെട്ടിപ്പുവഴി സർക്കാരിന് കോടികളുടെ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.